നം.കെ.എസ്.എ.പി.റ്റി.എ.പി9/180/2019 തീയതി: 03.04.219

# പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 23.06.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2019 മുതൽ 27.02.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ<br>ശ്രീമതി വീണ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ ഷൈജു വൈ., സീനിയർ ഗ്രേ. ഓഡിറ്റർ<br>ശ്രീ സുനിൽ യു.എസ്., ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലിസ്സിമോൾ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ സുനിൽകുമാർ ജി. | 01.04.2017 മുതൽ 04.06.2017 വരെ |
| | ശ്രീ പി.നന്ദകുമാർ | 05.06.2017 മുതൽ 31.03.2017 വരെ |

## മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| അസി. സെക്രട്ടറി | |
| ശ്രീ ജേക്കബ് വർഗ്ഗീസ് | 01.04.2017 മുതൽ 20.11.2017 |

| | |
|---|---|
| ശ്രീമതി സുമ എസ്.എൽ. | 04.12.2017 മുതൽ 31.03.2018 |
| കൃഷി ഓഫീസർ | |
| ശ്രീമതി നസീറ ബീഗം | 01.04.2017 മുതൽ 01.07.2017 |
| ശ്രീമതി ബിന്ദു എസ്. | 02.07.2017 മുതൽ 31.03.2018 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| ഡോ. ജ്യോതി വേണുഗോപാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീ അരുൺ എസ്. | 01.04.2017 മുതൽ 03.10.2017 വരെ |
| ശ്രീമതി സുനില എൻ.എസ്. | 04.10.2017 മുതൽ 08.11.2017 വരെ |
| ശ്രീമതി സ്മിത ആർ. | 09.11.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ പ്രദീപ് ജി. | 01.04.2017 മുതൽ 15.05.2017 വരെ |
| ശ്രീ സന്തോഷ് ജോസഫ് | 22.06.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | |
| ശ്രീമതി ജൂലിയറ്റ് ബി. പിള്ള | 01.04.2017 മുതൽ 02.06.2017 വരെ |
| ശ്രീ അനിൽ റ്റി. മാമൻ | 03.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി ശുഭ സി. | 01.04.2017 മുതൽ 24.08.2017 വരെ |
| ശ്രീമതി ബിന്ദു വി. നായർ | 25.08.2017 മുതൽ 29.11.2017 വരെ |
| ശ്രീമതി ബിന്ദു എസ്. ജ്യോതി | 30.11.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | |
| ശ്രീമതി ലൈജ്ജ എൽ.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീമതി ശ്രീദേവി പി.എസ്. | 01.04.2017 മുതൽ 21.11.2017 വരെ |
| ശ്രീ അനിയൻ എ.കെ. | 22.11.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2017-18
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1: പൊതു അവലോകനം | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7. | ക്ഷേമപദ്ധതികൾ | 1-7 |
| 8. | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9. | ദുരിതാശ്വാസ നിധി | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | ആഭ്യന്തര നിയന്ത്രണം | 1-11 |
| | ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12. | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില - അവലോകനം | 2-1 |
| 13. | വരവിനങ്ങളുടെ പിരിവ് പുരോഗതി - അവലോകനം | 2-2 |
| 14. | ചെറുപ്ലോട്ടിലെ കെട്ടിടം - ബിൽഡിംഗ് പെർമിറ്റ് നൽകിയതിലും ഒക്കുപ്പെൻസി നൽകിയതിലും ഗുരുതരമായ ചട്ടലംഘനം | 2-3 |
| 15. | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകിയതിൽ അപാകതകൾ | 2-4 |
| 16. | തൊഴിൽനികുതി പിരിവ് - പൊതുവായ അപാകതകൾ | 2-5 |
| 17. | ഡി.&ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-6 |
| 18. | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു | 2-7 |
| | ഭാഗം-3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19. | വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് ഫലക്ഷമത കുറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നു | 3-1 |
| 20. | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-2 |
| 21. | ഹൈസ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-3 |
| 22. | സ്മാർട്ട് ക്ലാസ്സ് റൂം - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു | 3-4 |
| 23. | കെയ്കോയിൽ (KAICO) നിന്നും വളം വാങ്ങൽ - അപാകതകൾ | 3-5 |
| 24. | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി | 3-6 |
| 25. | മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക യഥാസമയം നൽകിയില്ല | 3-7 |
| 26. | റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ കോൺക്രീറ്റിംഗിന് വകമാറ്റി | 3-8 |
| 27. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-9 |
| 28. | ലോകബാങ്ക് ധനസഹായ തുകയുടെ ക്രമവിരുദ്ധമായ വിനിയോഗം | 3-10 |
| 29. | കൺവീനർ പ്രവൃത്തി - വരവു ചെലവ് കണക്കുകൾ ഹാജരാക്കിയില്ല | 3-11 |
| 30. | സിംഗിൾ ടെണ്ടർ സ്വീകരിച്ച് കരാർ നൽകി | 3-12 |
| 31. | കാലിത്തീറ്റ സബ്സിഡി - അർഹമായ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നില്ല | 3-13 |
| 32. | പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിച്ചില്ല | 3-14 |
| 33. | തെരുവ് വിളക്കുകൾക്ക് മെയിന്റനൻസ് - അധികച്ചെലവ് | 3-15 |
| 34. | ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് അനുമതി സാക്ഷ്യപത്രമില്ലാതെ | 3-16 |
| 35. | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് സെന്റേജ് ചാർജ്ജ് നൽകി | 3-17 |

| | | |
|---|---|---|
| 36. | മരങ്ങാട്ടു കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-18 |
| 37. | ഭൂമി ഏറ്റെടുക്കൽ - അവാർഡ് തുക നൽകുന്നതിന് പദ്ധതിപ്പണം ചെലവഴിച്ചു | 3-19 |
| 38. | ബാലസഭ പ്രവർത്തനങ്ങൾ പരിമിതം | 3-20 |
| 39. | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തിയില്ല | 3-21 |
| 40. | സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം നൽകുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-22 |
| | ഭാഗം 4: ഓഡിറ്റ് പ്രത്യവലോകനം | |
| 41. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 42. | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 43. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 44. | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46. | ഓഡിറ്റ് റിക്കവറി | 4-6 |
| 47. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 28.03.2017-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5215086 | 17524146 | 12309060 | |
| വരവ് | 134872500 | 51881110 | | 82991390 |
| ആകെ | 140087586 | 69405256 | | 70682330 |
| ചെലവ് | 135652400 | 60137123 | | 75515277 |
| നീക്കിയിരിപ്പ് | 4435186 | 9268133 | 4832947 | |

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി 06.02.2018-ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 31.07.2018 | 02.05.2018 |

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2017-18-ലെ വാർഷിക ധനകാര്പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, ഓഡിറ്റ് തീയതിയിലും പരിഹരിക്കപ്പെടാത്തതുമായ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതിയിനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് ഇനങ്ങളിലെ തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ തുക ചേർത്തിട്ടില്ല.
4. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.
5. പാർട്ട് ബിൽ തുകകൾ Capital Work in Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2017-18 |
|---|---|
| മുന്നിരിപ്പ് | 17524146 |
| വരവ് | 51881110 |
| ആകെ | 69405256 |
| ചെലവ് | 60137123 |
| നീക്കിയിരിപ്പ് | 9268133 |

## 1-4 ഫണ്ട് വിനിയോഗം - 2017-18

(എ) സംസ്ഥാന സർക്കാർ ഗ്രാന്റുകൾ

| ഫണ്ടിനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/അലോട്ട്മെന്റ് തുക | 2017-18 വർഷത്തെ ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 10275000 | 8130029 | 7641063 | 488966 | 94 |
| വികസന ഫണ്ട് - എസ്.സി.പി | 7372000 | 6649227 | 6446146 | 203081 | 97 |
| വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5776750 | 7048133 | 5954274 | 1093859 | 84 |
| വികസന ഫണ്ട് - ലോകബാങ്ക് | 0 | 2337974 | 2337974 | 0 | 100 |

| | | | | | |
|---|---|---|---|---|---|
| ധനസഹായം | | | | | |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 5321000 | 5389563 | 3736312 | 1653251 | 69 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2591000 | 2678957 | 2377201 | 301756 | 89 |

(ബി) മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 12165 | 927723 | 939888 | 935685 | 4203 |
| സർവ്വശിക്ഷാ അഭിയാൻ | 30069 | 1140 | 31209 | 0 | 31209 |
| ഐ.സി.ഡി.എസ്. | 280971 | 426732 | 707703 | 166262 | 541441 |
| ജനറൽ പർപ്പസ് ഫണ്ട് | 6139851 | 0 | 0 | 0 | 153618 |
| സാക്ഷരതാ അക്കൗണ്ട് | 2030 | 0 | 0 | 0 | 2133 |
| ട്രഷറി ടി.എസ്.ബി. | 1000000 | 0 | 0 | 0 | 338000 |
| തനത് ഫണ്ട് - എസ്.ബി.ഐ. | 2334680 | 0 | 0 | 0 | 3014330 |
| തനത് ഫണ്ട് - കോ.ഓ.ബാങ്ക് | 7901139 | 0 | 0 | 0 | 5591350 |
| എസ്.ബി.ഐ. - ഇ-പേമെന്റ് | 0 | 0 | 0 | 0 | 80101 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 245 | 58327451 | 169 | 0 | 3203192 | 76 | 68.98 |

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2962083 | 2271936 | 77 |
| വെറ്ററിനറി സർജൻ | 4 | 4 | 1977000 | 1058250 | 54 |
| മെഡിക്കൽ ഓഫീസർ | 5 | 4 | 765000 | 747400 | 98 |

| | | | | | |
|---|---|---|---|---|---|
| (സി.എച്ച്.സി.) | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 9 | 6286228 | 3645000 | 58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 2586771 | 2104980 | 81 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 710000 | 684153 | 96 |
| സെക്രട്ടറി | 28 | 20 | 8363842 | 3224279 | 39 |
| ഹെഡ്മിസ്ട്രസ് | 4 | 4 | 1198790 | 1186824 | 99 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 168 | 106 | 27148687 | 14965895 | 55 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 6029050 | 1842675 | 31 |
| ആകെ | 245 | 169 | 58327451 | 32031392 | 54.92 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 3049083 | 1449083 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 3324986 | 2857985 |
| പാലിയേറ്റിവ് കെയർ | 650000 | 650000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 500000 | 500000 |
| യുവജന വികസന പദ്ധതി | 300000 | 100000 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1595 | 21274900 |
| കർഷകതൊഴിലാളി പെൻഷൻ | 315 | 3643000 |
| വിധവാ പെൻഷൻ | 893 | 10631400 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 44 | 366700 |
| ശാരീരിക മാനസിക | 213 | 2446800 |

| | | |
|---|---|---|
| വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | | |
| തൊഴിൽ രഹിത വേതനം | | 45480 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.2019 3.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 117272 (ഒരു ലക്ഷത്തിപതിനേഴായിരത്തി ഇരുന്നൂറ്റി എഴുപത്തിരണ്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി ആരംഭിച്ചിട്ടുണ്ട് (ചന്ദനപ്പള്ളി എസ്.ബി.ഐ. ശാഖയിലെ അക്കൗണ്ട് നം.37689101172). അക്കൗണ്ട് ആരംഭിച്ചതല്ലാതെ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് ശേഖരിക്കുന്നതിനോ ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനോ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2019 | 11-12/2018 | 25.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2007-08 - 2011-12 | 17.07.2012 |

## 1-11 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം : ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ് : വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

രേഖകളുടെ സൂക്ഷിപ്പ്: ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ, തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി/വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട സ്ഥാപന സൂക്ഷിച്ചിട്ടില്ല.

പേഴ്സണൽ രജിസ്റ്റർ: സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. പേഴ്സണൽ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ കഴിഞ്ഞിട്ടില്ല.

അക്കൗണ്ടിംഗ് സംവിധാനം : സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടുണ്ട്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില - അവലോകനം

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ആശാസ്യമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 77.41ലക്ഷം രൂപയാണ്.

| ഇനം (വരവ്) | തുക | ഇനം (ചെലവ്) | തുക |
|---|---|---|---|
| നികുതി വരുമാനം | 4790964 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 9554392 |
| നികുതിയേതരം | 1273184 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 1320634 |
| പലിശ | 331078 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1515714 |
| | | മറ്റ് ചെലവുകൾ | 1746279 |
| ആകെ | 6395226 | ആകെ | 14137019 |
| | | *മിച്ച ഫണ്ട്* | *(-)7741793* |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് മതിയായ തനത് ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. തനത് വരുമാനം താരതമ്യേന കുറവായിട്ടും വസ്തുനികുതി ഒഴികെയുള്ള സ്രോതസ്സിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് ഈ ഇനത്തിലുള്ള പാഴ്ച്ചെലവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. സംയുക്ത പരിശോധന നടത്തിയും ഗാർഹിക കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിയും പൊതുടാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി വെള്ളക്കരം ഇനത്തിലുള്ള ചെലവ് നിയന്ത്രിച്ചും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. നിയമം മൂലം പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

### 2-2 വരവിനങ്ങളുടെ പിരിവ് പുരോഗതി - അവലോകനം

ഓഡിറ്റ് വർഷത്തെ പഞ്ചായത്തിന്റെ വിവിധ വരവ് ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പിരിവിനം | കുടിശ്ശിക ഡിമാന്റ് | കുടിശ്ശിക പിരിവ് | പിരിവ്% | തൻവർഷ ഡിമാന്റ് | തൻവർഷ വരവ് | പിരിവ് % |
|---|---|---|---|---|---|---|---|
| 1 | വസ്തു നികുതി | 2473366 | 1241049 | 50.18 | 3670854 | 3433572 | 93.54 |
| 2 | തൊഴിൽ നികുതി | 0 | 0 | - | 1120110 | 1120110 | 100 |
| 3 | വാടക | 2081 | 2081 | 100 | 347704 | 347704 | 100 |
| 4 | ലൈസൻസ് | 0 | 0 | - | 64070 | 64070 | 100 |

വസ്തു നികുതി ഒഴികെയുള്ള തനത് നികുതി വരുമാനത്തിന്റെ ഡിമാന്റ് തുകയുടെ 100% തുകയും പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുന്നുണ്ടെങ്കിലും വരവിനങ്ങളുടെ ഡിമാന്റ് കൃത്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വസ്തു നികുതി

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഉപയോഗക്രമത്തിന് ആനുപാതികമായി നികുതി ഈടാക്കാത്തതിനാൽ ഈ ഇനത്തിലുള്ള ഡിമാന്റ് കൃത്യമാകുന്നില്ല (വിശദാംശത്തിന് ഖണ്ഡിക 2-7കാണുക).

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർധ വർഷക്കാലം 60ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ സർക്കാർ ജീവനക്കാരുടെയും നാമമാത്രമായ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാർ മാത്രമെ നികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നുള്ളു.കേരള പഞ്ചായത്ത് രാജ് നിയമത്തിലും,തൊഴിൽ നികുതി ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം നികുതി പിരിവിൽ പൂർണ്ണമായ ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല.

ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ലൈസൻസിന് അപേക്ഷിച്ച സ്ഥാപനങ്ങളുടെ എണ്ണവും ട്രേഡ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനത്തിന്റെ ഡിമാന്റ് കൃത്യമാക്കി അർഹമായ മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ചെറുപ്ലോട്ടിലെ കെട്ടിടം - ചട്ടലംഘനം നടത്തി പെർമിറ്റും, ഒക്കുപ്പെൻസിയും നല്കി

വള്ളിക്കോട് വില്ലേജിലെ സർവ്വെ നം.631/6-ൽ ഉൾപ്പെട്ട 0.79 ആർ സ്ഥലത്ത് ശ്രീമതി സുജാ ദാനിയേൽ, കുറ്റിപ്ലാവ്നിൽക്കുന്നതിൽ വീട് എന്നയാൾക്ക് വാണിജ്യാവശ്യത്തിനുള്ള 12.12m$^2$ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് (C8-BA 85379/17 തീയതി 20-12-2017) നൽകിയിരുന്നു. ടിയാളുടെ അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് ഓവർസിയർ ശ്രീ എൻ.കെ.ഷിഹാബുദ്ദീന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചെറുപ്ലോട്ടിലെ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് നൽകിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിലും, ടിയാളുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ടി കെട്ടിടത്തിന് റൂൾ 62 പ്രകാരമുള്ള ചെറുപ്ലോട്ടിലെ കെട്ടിടം എന്ന നിലയിൽ പെർമിറ്റ് നൽകാൻ കഴിയുന്നതല്ലെന്ന് കണ്ടു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെ.പി.ബി.ആർ റൂൾ 64 പ്രകാരം ചെറുപ്ലോട്ടിലെ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് റോഡുകൾ, ജില്ലാ റോഡുകൾ.സംസ്ഥാന-ദേശീയ ഹൈവേകൾ എന്നിവയല്ലാത്ത ഏതെങ്കിലും റോഡിനോട് ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് റോഡും കെട്ടിടവും തമ്മിലുള്ള ഏറ്റവും ചുരുങ്ങിയ അകലം 2 മീ എന്ന വ്യവസ്ഥ അനുവദനീയമാണ്. എന്നാൽ കെട്ടിനിർമ്മാണ പെർമിറ്റിനോടൊപ്പം സമർപ്പിച്ച ലൊക്കേഷൻ സ്കെച്ച് പ്രകാരം പഞ്ചായത്ത് റോഡിനോട് ചേർന്നാണ് ടി കെട്ടിടനിർമ്മാണം. കിടങ്ങേത്ത് മുക്ക് - കുറ്റിമുല്ലേത്ത് മുക്ക് റോഡിനോട് ചേർന്ന് 2 മീ സെറ്റ്ബാക്കിലാണ് ടി കെട്ടിടത്തിന് പെർമിറ്റ് നൽകിയത്. പഞ്ചായത്ത് റോഡ് ആയതിനാൽ റൂൾ 64 പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ല.

2. കെട്ടിടത്തിന്റെ പിന്നാമ്പുറം കെ.ഐ.പി കനാലിനോട് ചേർന്നാണ്. കെ.പി.ബി.ആർ. റൂൾ 64(4) പ്രകാരം പിന്നാമ്പുറം ഏറ്റവും ചുരുങ്ങിയത് 1 മീറ്റർ വ്യാപ്തി ഉണ്ടാകേണ്ടതാണ്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി ചട്ടം പാലിച്ചതായി കാണാൻ കഴിഞ്ഞില്ല.

3. സ്ഥലത്തിന്റെ വിസ്തീർണ്ണം 79m$^2$ ആണ്. 12.12m$^2$ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് (C8-BA 85379/17 തീയതി 20-12-2017) നൽകിയത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 50 m$^2$ വാർക്കകെട്ടിടം പണി പൂർത്തീകരിച്ചതായി കണ്ടു.

4. ടി കെട്ടിട നിർമ്മാണം കൂടാതെ 50m$^2$-ൽ കൂടുതൽ പ്ലിന്ത് ഏരിയായിൽ ടി കെട്ടിടത്തോട് ചേർന്ന് ടിൻ ഷീറ്റിട്ട് പൂർണ്ണമായും കെട്ടിയടച്ച് ഒരു കെട്ടിടം കൂടി പണിതതായി ഭൗതിക പരിശോധനയിൽ കണ്ടു.

5. കെട്ടിടത്തിന്റെ Elevation Plan പ്രകാരം 12ച.മീ. പ്ലിന്ത് ഏരിയായുള്ള ഒരു മുറി കെട്ടിടം പണിയുന്നതിനാണ് പെർമിറ്റ് നൽകിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 50 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള രണ്ട് മുറി കെട്ടിടം പണി പൂർത്തീകരിച്ചതായി കണ്ടു.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ചെറു പ്ലോട്ടിലെ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് നൽകാൻ കഴിയാത്ത ഒരു കെട്ടിടത്തിനാണ് ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയത്. പെർമിറ്റിൽ അധികരിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ആയതിനോടൊപ്പം പൂർണ്ണമായും കെട്ടിയടച്ച നിലയിൽ പ്രധാന കെട്ടിടത്തേക്കാൾ പ്ലിന്ത് ഏരിയായുള്ള വേറൊരു കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഇപ്രകാരം എല്ലാ നിയമങ്ങളും ലംഘിച്ച് പണി പൂർത്തീകരിച്ച ടി കെട്ടിടത്തിന് സാങ്കേതിക വിഭാഗം ഓവർസിയറുടെ റിപ്പോർട്ട് മറികടന്ന് 2018 ഏപ്രിൽ മാസം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരം നിർണ്ണയിച്ച് ഒക്കുപ്പൻസി (8/496) നൽകുകയാണ് ചെയ്തിട്ടുള്ളത്.


നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം

കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് സുജാ ദാനിയേൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സെറ്റ് പരിശോധിച്ച ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീ കെ.ഷിഹാബുദ്ദീൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ടി റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ Compond Wall നിർമ്മിച്ചുവെന്നും കെട്ടിടത്തിന്റെ പുറകുവശത്ത് ആവശ്യമായ സെറ്റ്ബാക്കില്ലെന്നും പുറകുവശത്തുള്ള കെ.ഐ.പി കനാലിനോട് ചേർത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായും അറിയിച്ചു. കൂടാതെ ആകെ 79m$^2$ സ്ഥലത്ത് 62.98m$^2$ നിർമ്മാണം പൂർത്തീകരിച്ചതിനാൽ കെ.പി.ബി.ആറിന് വിരുദ്ധമായാണ് നിർമ്മാണം പൂർത്തീകരിച്ചതെന്നും റിപ്പോർട്ട് ചെയ്തു. ഇപ്രകാരം കെ.പി.ബി.ആറിന് വിരുദ്ധമായാണ് നിർമ്മാണം പൂർത്തീകരിച്ചുവെന്ന് ഗ്രാമപഞ്ചായത്ത് ഓവർസിയർ റിപ്പോർട്ട് നൽകിയത്.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.24/27-02-2019)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കെ.പി.ബി.ആർ റൂൾ 64 പ്രകാരം ചെറുപ്ലോട്ടിലെ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് നൽകാൻ കഴിയാത്ത ഒരു കെട്ടിടത്തിനാണ് പെർമിറ്റ് നൽകിയതും തുടർന്ന് ഓവർസിയറിന്റെ റിപ്പോർട്ട് മറികടന്ന് കരം നിർണ്ണയിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതും. ഒക്കുപ്പൻസി നൽകിയതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് ഗുരുതരമായ ചട്ടലംഘനം ഉണ്ടായിട്ടുണ്ട്. ടി വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകിയതിൽ അപാകതകൾ

പത്തനംതിട്ട-അടൂർ സംസ്ഥാന പാതയിൽ മാമ്മൂട് ജംഗ്ഷന് സമീപം സർവ്വെ നം.385/15ൽ ഉൾപ്പെട്ട 2 ആർ സ്ഥലത്ത് ശ്രീ അജിത് കുമാർ.സി.ആർ. ആരാധനാ വീട്, പാറക്കര പി.ഒ. എന്നയാൾക്ക് 161.66 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നം.സി8-2106/2017 തീയതി 12-08-2017 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ 20-05-2017-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ്

നൽകിയത്. കെ.പി.ബി.ആർ. 27(4) പ്രകാരം കെട്ടിടത്തിന് ചുരുങ്ങിയത് രണ്ട് മീറ്റർ അളവിൽ പിന്നാമ്പുറവും റൂൾ 27(5) പ്രകാരം കെട്ടിടത്തിന്റെ മുൻവശവും പിൻവശവും ഒഴികെയുള്ള വശങ്ങളിൽ ഒന്നിന് 1.2 മീറ്ററിൽ കുറയാതെയും മറുവശത്തിന് ഒരു മീറ്ററിൽ കുറയാതെയും സ്ഥലമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി ചട്ടം പാലിച്ചതായി കാണാൻ കഴിഞ്ഞില്ല. കൂടാതെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 28(1) പ്രകാരം റോഡിൽനിന്നും 3 മീ അകലം പാലിച്ച് വേണം കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് നൽകേണ്ടത്. ടി കെട്ടിടം നാഷണൽ ഹൈവേ 183A-യോട് ( കൊല്ലം- വണ്ടിപ്പെരിയാർ റോഡ്) ചേർന്നാണ് നിർമ്മിച്ചിരിക്കുന്നത്. റോഡിന്റെ അതിര് കൃത്യമായി ഓഡിറ്റിന് നിർണ്ണയിക്കാൻ സാധിക്കാത്തതിനാൽ 3മീ. അകലം പാലിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്ന് ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ദൂരപരിധി പാലിച്ചിട്ടുണ്ടെന്ന് നാഷണൽ ഹൈവേ അതോറിറ്റി അധികൃതരിൽ നിന്നും അനുമതി വാങ്ങിയായിരുന്നു ടി കെട്ടിടനിർമ്മാണം നടത്തേണ്ടിയിരുന്നത്.

ടി കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 129 ച.മീ. ആണ്. അതിനാൽ റൂൾ 38(2) പ്രകാരം 2 കാർ പാർക്കിംഗിനുള്ള സ്ഥലം സൈറ്റിൽ ആവശ്യമാണ്. 2 കാർ പാർക്ക് ചെയ്യുന്നതിനാവശ്യമായ വിസ്തീർണ്ണം 30ച.മീ ആണ്. കാറ്റഗറി 2 പഞ്ചായത്തായതിനാൽ ഇതിന്റെ 75% വിസ്തീർണ്ണമായ 23 ച.മീ കാർ പാർക്കിംഗിന് ആവശ്യമാണ്. റൂൾ 104(5) പ്രകാരം ശാരീരിക അവശതയുള്ളവർക്ക് കുറഞ്ഞത് 1 കാർ പാർക്കിംഗിനുള്ള സ്ഥലംകൂടി സൈറ്റിൽ ഉണ്ടാകണം. കൂടാതെ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിനും (കാർ പാർക്കിംഗിന്റെ 25%) സ്ഥലം ആവശ്യമാണ്. കെട്ടിടത്തിന്റെ പ്ലാനിൽ പാർക്കിംഗ് കാണിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ മുൻവശത്താണ്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് മാത്രമാണ് നിയമപരമായ സെറ്റ്ബാക്കായ 3മീ കഷ്ടിച്ച് ഉള്ളത്. റൂൾ 38(7) പ്രകാരം തുറന്ന സ്ഥലത്തിന്റെ പരമാവധി 50% മാത്രമേ കാർപാർക്കിംഗിന് എടുക്കാനാവൂ. എന്നാൽ വാഹനങ്ങൾ വളഞ്ഞുതിരിയുന്നതിനോ പാർക്കിംഗിനോ ആവശ്യമായ ഉറസ്സായ സ്ഥലം കെട്ടിടത്തിന്റെ മുൻഭാഗത്തില്ലെന്ന് വ്യക്തമാണ്.



നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം

പ്രസ്തുത സാഹചര്യത്തിൽ ആവശ്യമായ സെറ്റ് ബാക്ക്, പാർക്കിംഗ് സൗകര്യം ഇവയില്ലാതെ പെർമിറ്റ് നൽകിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-25/27-02-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇപ്രകാരം കെ.പി.ബി.ആർ നിയമങ്ങൾ ലംഘിച്ച് പെർമിറ്റ് നൽകിയതിൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. ടി വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പിരിവ് - പൊതുവായ അപാകതകൾ

2017-18 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്ന വരുമാന സ്രോതസ്സാണ് തൊഴിൽനികുതി. കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിക്കാത്തതുമൂലം ഈ ഇനത്തിലുള്ള നികുതി വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണാൻ കഴിഞ്ഞു.

1. ക്ഷീരോൽപാദക സഹകരണ സംഘം - വള്ളിക്കോട്, തോല്പൂഴം

2. കുടുംബശ്രീ പദ്ധതിയുടെ ഭാഗമായുള്ള കരാർ ജീവനക്കാർ

3. എൻ.ജെ.എസ് ഹോർബൽ എൈസോലേറ്റ്സ് - ജീവനക്കാരുടെ എണ്ണം 10

4. പ്രിയങ്ക ഇലക്ട്രിക്കൽസ് & സാനിട്ടറി വെയേഴ്സ് - ജീവനക്കാരുടെ എണ്ണം 04

5. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ

2017-18 സാമ്പത്തികവർഷം ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപന ഉടമയെക്കൂടാതെ ഒന്നിൽ കൂടുതൽ ജീവനക്കാർ തൊഴിലെടുക്കുന്ന ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമായി. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഏറ്റവും ലളിതമായ നടപടി ക്രമങ്ങളിലൂടെ ഈടാക്കാവുന്ന നികുതി ഈടാക്കാത്തമൂലം ഈ ഇനത്തിൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. സാമ്പത്തികമായി സ്വയംപര്യാപ്തമാകുന്നത് വഴി മാത്രമെ പഞ്ചായത്തുകൾക്ക് തങ്ങളിൽ അർപ്പിതമായിട്ടുള്ള ചുമതലകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് സാധിക്കുകയുള്ളൂ. നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരെയും തൊഴിൽനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നികുതി വരുമാനം വർധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ബി) റേഷൻ റീട്ടെയിൽ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ റീട്ടെയിൽ റേഷൻവ്യാപാരികളിൽ നിന്നും തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റീട്ടെയിൽ റേഷൻ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (സി.എസ്.)എ.9-764/2019/22.01.2019 നമ്പർ കത്ത് മുഖേന ജില്ലാ ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതിയും ലൈസൻസ് ഫീസും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 2-6 ഡി.&ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2017-18 സാമ്പത്തികവർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അപേക്ഷകളിൽ യഥാസമയം തുടർനടപടി സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം തുടർനടപടി സ്വീകരിക്കുന്നില്ല. 2012ൽ നിലവിൽ വന്ന സേവന അവകാശ നിയമ പ്രകാരം ആവശ്യമായ രേഖകൾ,അനുമതി പത്രങ്ങൾ, സാക്ഷ്യപത്രങ്ങൾ ഇവ ലഭിച്ച് 30 ദിവസത്തിനകവും മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികളോടെ സമർപ്പിക്കുന്ന അപേക്ഷകളിൽ 07 ദിവസത്തിനകവും ലൈസൻസ് നൽകുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിരിക്കുന്നത് മേൽ സമയക്രമം പാലിക്കാതെയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | സ്ഥാപനം | ലൈസൻസ് ഫീസ് ഒടുക്കുവരുത്തിയ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി ഇന്ദിരാദേവി | 14.02.2017 | ബേക്കറി & സ്റ്റേഷനറി | 22.05.2017 |
| 2 | ശ്രീ എം.എം.തോമസ്സ് | 08.03.2017 | പലചരക്ക് വ്യാപാരം | 09.06.2017 |
| 3 | ശ്രീമതി ലഘാ രഘു | 20.03.2017 | സ്റ്റേഷനറി വ്യാപാരം | 19.07.2017 |
| 4 | ശ്രീ മോഹനൻ എം.പി. | 31.03.2017 | രേഖപ്പെടുത്തിയിട്ടില്ല | 04.11.2017 |
| 5 | ശ്രീ ചന്ദ്രബോസ്സ് റ്റി. | 19.04.2017 | ഹാർഡ് വെയർ വ്യാപാരം | 01.11.2017 |
| 6 | ശ്രീമതി പത്മസുദർശൻ | 24.03.2017 | പൗൾട്രി ഫാം | 12.12.2017 |

2017-18 സാമ്പത്തിക വർഷം 222 സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളിലും മേൽ സമയക്രമം പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. I.S.O സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന സാഹചര്യത്തിൽ പൗരൻമാർക്ക് സേവനം അനുവദിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

ബി) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232ാം വകുപ്പ്,1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2017-18 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചത് എന്ന് വ്യക്തമായി.

- മിൽമാ ഡയറി, പത്തനംതിട്ട
- മിൽമാ ഔട്ട് ലെറ്റ് (മിൽമാ ഡയറി വളപ്പിൽ പ്രവർത്തിക്കുന്നു)
- റേഷൻ റീട്ടെയിൽ ഡിപ്പോകൾ
- ഇഷ്ടികചൂളകൾ

ഗ്രാമപഞ്ചായത്തിലെ 06-ാം വാർഡിൽ 4 ഇഷ്ടിക ചൂളകൾ പ്രവർത്തിച്ചു വരുന്നതായി 26.02.2019-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യമായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

2017-18 സാമ്പത്തിക വർഷം ഡി&ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പാർപ്പിട ആവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|
| 06/446 | ശ്രീ നന്ദൻ, പുതുപറമ്പിൽ |
| 06/445 | ശ്രീ നന്ദൻ, പുതുപറമ്പിൽ |
| 09/374 | ശ്രീ രവി കെ.പി, രവിനിവാസ് |
| 10/459 | ശ്രീ ഗോപാലകൃഷ്ണൻ, ചിറപ്പുറത്ത് വീട് |
| 12/375 | ശ്രീ വിൽസൺ.കെ.ജോർജ്ജ്, കൊട്ടയ്ക്കാട് വില്ല |

പട്ടികയിൽ ഒന്നാമതായി കാണിച്ചിട്ടുള്ള വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനം 2013-14മുതൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുകയാണ്. 2013-14 മുതലുള്ള ലൈസൻസ് ഫീസ് ഒടുക്കുവരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് C6-4802/16 പ്രകാരം കത്ത് നൽകിയെങ്കിലും സ്ഥാപനം ലൈസൻസ് എടുത്തിട്ടില്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.17/25.02.2019) പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഉപയോഗക്രമം വ്യത്യസ്തമായതിനാൽ ലൈസൻസ് നൽകിയിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി. 2017-18 സാമ്പത്തിക വർഷം നൽകിയ അപേക്ഷയിൽ നാളിതുവരെ യാതൊരു തുടർനടപടിയും സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. പാർപ്പിടാവശ്യത്തിന് 07രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 45രൂപ നിരക്കിലുമാണ് നികുതി ഈടാക്കി വരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. നികുതി അടിയന്തിരമായി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് ഫലക്ഷമത കുറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നു

പൊതുമരാമത്ത് മേഖലയിൽ വികലമായ വികസന കാഴ്ചപ്പാടാണ് പഞ്ചായത്ത് ഭരണസമിതി വച്ച് പുലർത്തുന്നത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം, വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലക്ഷമത കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കിരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പടെ ആകെ 168 പ്രോജകളായിരുന്നു ഉണ്ടായിരുന്നത്. ഇവയിൽ 34 പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. പണി പൂർത്തിയാക്കിയ 26 പ്രവൃത്തികളുടെ ബിൽ തുക (₹3492189) ട്രഷറിയിൽനിന്നും മാറി നൽകുന്നതിന് സാധിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യദിനങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ക്യൂവിലായതാണ് കാരണം . മരാമത്ത് പ്രവൃത്തികൾക്ക് മൊത്തം വകയിരുത്തിയിരുന്ന തുകയുടെ (27148687) 55 ശതമാനം (14965895) മാത്രമാണ് തൻവർഷം ചെലവഴിക്കാനായിട്ടുള്ളത്.

ഓഡിറ്റ് വർഷം റോഡ് നിർമ്മാണത്തിനായി 83 പുതിയ പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 5 ലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്ന ഒരു പ്രോജക്ടുപോലും ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം പ്രോജക്ടുകളും 2 ലക്ഷത്തിൽ താഴെ അടങ്കലുള്ളതും ശരാശരി 50 മീറ്റർ നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളതുമായിരുന്നു. റോഡ് ടാറിംഗിനായി തൻവർഷം 5 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ശരാശരി 2.3 ലക്ഷം രൂപ മാത്രം അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തികളിൽ ഒരെണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവായി. തൽഫലമായി ചുരുക്കം ചില പ്രോജക്ടുകളുടെ കാര്യത്തിലൊഴികെ ടെണ്ടറുകളുടെ മത്സര സ്വഭാവം ഇല്ലാതാക്കുകയും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ പഞ്ചായത്തിന് ന്യായമായും ലഭിക്കുമായിരുന്ന ലാഭം നഷ്ടപ്പെടുത്തുകയും ചെയ്തു.

പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ ചെറിയ നീളം പുനരുദ്ധരിക്കുന്നതിന് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അപൂർണ്ണമായി തയ്യാറാക്കുന്ന രീതി അഭിലഷണീയമല്ല. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്നും കണക്ടിവിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണായും ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പഞ്ചായത്ത് അവഗണിച്ചു. ചെറിയ അടങ്കലുള്ള മരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ച് കൂടുതൽ ജനങ്ങൾക്കും, കൂടുതൽ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

### 3-2 വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (237/18) |
| വകയിരുത്തിയ തുക | ₹295800 (വികസന ഫണ്ട്) |
| ചെലവ് തുക | ₹139320 |
| ബിൽ നമ്പരും തീയതിയും | 13/17-18, തീ. 31-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഒരു കട്ടിലിന് 3240 രൂപ നിരക്കിൽ 43 കട്ടിലുകൾ വാങ്ങിയതിന് 139320 രൂപയാണ് പദ്ധതി ചെലവ്. ടെണ്ടർ നടപടികൾ പ്രകാരം പ്ലാസ്സാ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് കട്ടിൽ വാങ്ങിയത്. പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടറിൽ 4 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ഇതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത പ്ലാസ്സാ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റൊന്നിന് 3240 രൂപ നിരക്കിലാണ് കട്ടിലുകൾ വാങ്ങിയത്. 2017-18 സാമ്പത്തിക വർഷം തന്നെ അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വൃദ്ധജനങ്ങൾക്ക് കട്ടിൽ (253/18) എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം വാങ്ങിയ കട്ടിലിന് യൂണിറ്റൊന്നിന് വില 3041 രൂപയായിരുന്നു. രണ്ട് കട്ടിലിന്റെയും സ്പെസിഫിക്കേഷൻ ഒന്നു തന്നെയായിരുന്നു. പ്രൊക്യർമെന്റ് കമ്മിറ്റിയുടെ 27-02-2018-ലെ തീരുമാനപ്രകാരമാണ് രണ്ട് പ്രോജക്ടുകളിലെയും വാങ്ങലുകൾക്ക് അംഗീകാരം നൽകിയത്. വില വ്യത്യാസമുണ്ടായ സാഹചര്യത്തിൽ നെഗോസിയേഷൻ നടത്താമായിരുന്നു. നെഗോസിയേഷൻ നടത്തിയിരുന്നെങ്കിൽ വില വ്യത്യാസത്തിലുണ്ടായ അപാകത പരിഹരിക്കാൻ സാധിക്കുമായിരുന്നു.
2. ഇൻവോയ്സ് നം-33 തീയതി 23-03-2018 പ്രകാരം 91 കസേരകൾക്ക് 3240 രൂപ നിരക്കിൽ 294840 രൂപയുടെ ഇൻവോയ്സാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് പ്രകാരം 43x3240= 139320 രൂപയാണ് സ്ഥാപനത്തിന് നൽകിയത്. യഥാർത്ഥ ബിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. യഥാർത്ഥ ബില്ലോ, ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കാത്തപക്ഷം ചെലവ് തുക നിരാകരിക്കുന്നതാണ്.
3. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പ്രത്യേക ഗ്രാമസഭ കൂടിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. ഗുണഭോക്താക്കളുടെ അർഹത ഓരോ വാർഡിലെയും ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടിയിട്ടില്ല.
4. ഗുണഭോക്താക്കളുടെ അപേക്ഷാ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല
5. കട്ടിലുകൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിവരങ്ങൾ ഇല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 12/21-02-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ മുകളിൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 139320 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 ഹൈസ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ (78/18) |
| വകയിരുത്തിയ തുക | ₹318000 (വികസന ഫണ്ട്) |
| ചെലവ് തുക | ₹314335 |
| ബിൽ നമ്പരും തീയതിയും | 3 തീയതി 10-01-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്- വള്ളിക്കോട് |

ടെണ്ടർ നടപടി പ്രകാരം ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നുമാണ് സൈക്കിളുകൾ വാങ്ങി വിതരണം ചെയ്തത്. ആൺകുട്ടികൾക്ക് റോക്കി എന്ന മോഡൽ സൈക്കിളും പെൺകുട്ടികൾക്ക് ബി.എസ്.എ മോഡൽ സൈക്കിളുകളുമാണ് വാങ്ങിയത്. ആൺകുട്ടികളുടെ സൈക്കിളിന്റെ വില 4985 രൂപയും പെൺകുട്ടികളുടെ സൈക്കിളിന്റെ വില 4995 രൂപയുമാണ്. പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വികസന വകുപ്പിൽ നിന്നും ടി കുട്ടികൾക്ക് മുൻപ് സൈക്കിളുകൾ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.
2. നീതി ജി. കുമാർ എന്ന കുട്ടിക്ക് സൈക്കിൾ നൽകിയിരുന്നു. എന്നാൽ ടിയാൾ വിദ്യർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകളോ എസ്.സി. വിദ്യാർത്ഥിയാണെന്ന് ഉറപ്പുവരുത്തുന്ന രേഖകളോ ഹാജരാക്കിയിട്ടില്ല.
3. ചുവടെ പറയുന്ന വിദ്യാർത്ഥികൾ എസ്.സി. വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | വിദ്യാർത്ഥികളുടെ പേരും വിലാസവും |
|---|---|

| | |
|---|---|
| 1 | സോനാ സുനിൽ, D/O സുനിൽ കുമാർ, മയൂഷാ ഭവൻ, വള്ളിക്കോട് |
| 2 | ദേവികാ എസ്. |
| 3 | അനീഷാ എസ്. |
| 4 | ശ്യാം മോഹൻ, S/O സുമംഗല, കിഴക്കേശ്ശേരിൽ, കുടമുക്ക് |
| 5 | ആരോമൽ ചന്ദ്രൻ, S/O രാമചന്ദ്രൻ കെ.എൻ., പാറയിൽ താഴേതിൽ, വാഴമുട്ടം |

എസ്.സി. വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി വിദ്യാർത്ഥികൾക്കായി ചെലവഴിച്ച 24955 രൂപ [(3x4995)+(2x4985)] ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 63 സൈക്കിളുകളാണ് വാങ്ങിയത്. എന്നാൽ വിതരണ രേഖകൾ പ്രകാരം 62 സൈക്കിളുകളാണ് വിതരണം ചെയ്തിരിക്കുന്നത്.

5. സൈക്കിളുകൾ കൈപ്പറ്റിയ ദേവികാ.എസ്, അനീഷ്. എസ് എന്നിവർ ഈ ഗ്രാമപഞ്ചായത്തിലെ നിവാസികളാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/23-02-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വാങ്ങിയ സൈക്കിളുകളിൽ ഒരെണ്ണം വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ആയതിന്റെ ചെലവ് തുകയായ 4995 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-4 സ്മാർട്ട് ക്ലാസ്സ് റൂം - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | സ്മാർട്ട് ക്ലാസ്സ് റൂം (11/18) |
| വകയിരുത്തിയ തുക | 250000- മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് |
| ചെലവഴിച്ച തുക | 241700 |
| ബിൽ നമ്പരും തീയതിയും | 5/17-18 തീയതി 27-02-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്- വള്ളിക്കോട് |

ടെണ്ടർ നടപടി പ്രകാരം ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13-11-2017 ലെ 1(7)-ാം നമ്പർ തീരുമാന പ്രകാരമാണ് ടി സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത്. പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ച ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല.

2. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഡി.പി.ഐ യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ( ഓർഡർ നം- NEP3/40036/2017 തീയതി 30-05-2017) എല്ലാ വിധ ഉപകരണങ്ങൾക്കും അഞ്ച് വർഷ വാറന്റി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ആർ.ജെ എന്റർപ്രൈസസ് ലഭ്യമാക്കിയിരിക്കുന്നത് ഒരു വർഷത്തെ വാറന്റി മാത്രമാണ്.

3. ഡി.പി.ഐ-യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണവുമായി ബന്ധപ്പെട്ട് യു.പി.എസ്., ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രോജക്ടർ, വൈറ്റ് ബോർഡ്, യു.എസ്.ബി. സ്പീക്കർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ്

സ്ഥാപിക്കേണ്ടിയിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി ക്ലാസ്സ്റൂമിൽ എയർകണ്ടീഷണർ (1.5 ടൺ സ്പ്ലിറ്റ് എ.സി.) സ്ഥാപിച്ചു. സ്മാർട്ട് ക്ലാസ്സ് റൂമിന് അവശ്യം വേണ്ടിയിരുന്ന യു.പി.എസ്. സ്ഥാപിച്ചിട്ടുമില്ല.

4. സ്ഥാപനത്തിന്റെ ബിൽ പ്രകാരം ക്ലാസ്സ്റൂമിലെ ജനാലകൾക്കും കതകിനും കർട്ടൻ ഇടുന്നതിനായി ബിൽ പ്രകാരം 18000 രൂപ ചെലവഴിച്ചു. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ആകെയുള്ള 5 ജനാലകളിൽ 3 ജനാലകൾക്കും കർട്ടൻ ഇട്ടിട്ടില്ല. കർട്ടൻ റോഡ് മാത്രമാണ് കാണാൻ കഴിഞ്ഞത്.

5. ഡി.പി.ഐ യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം (ഓർഡർ നം.NEP3/40036/2017, തീയതി 30-05-2017) സ്മാർട്ട് ക്ലാസ്സ് റൂമിലെ പ്രൊജക്ടർ മൗണ്ടിംഗ് കിറ്റിന് പരമാവധി ചെലവഴിക്കാവുന്ന തുക (ടാക്സ് ഉൾപ്പെടെ) 4900 രൂപയും യു.എസ്.ബി. സ്പീക്കറിന് 770 രൂപയുമാണ്. എന്നാൽ ടി പദ്ധതി നിർവ്വഹണത്തിൽ പ്രൊജക്ടർ മൗണ്ടിംഗ് കിറ്റിന് 7000 രൂപയും യു.എസ്.ബി. സ്പീക്കറിന് 1900 രൂപയും ടാക്സ് ഉൾപ്പെടെ ചെലവഴിച്ചു. രണ്ടിനങ്ങളിലുമായി 3230 രൂപ അധിക ചെലവുണ്ട്.

6. ഡി.പി.ഐ-യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം (ഓർഡർ നം.NEP3/10192/2015, തീയതി 21-11-2016) സ്മാർട്ട് ക്ലാസ്സ് റൂമിലെ മൾട്ടിമീഡിയ പ്രോജക്ടറിന് പരാമാവധി ചെലവഴിക്കാവുന്ന തുക (ടാക്സ് ഉൾപ്പെടെ) 25630 രൂപയുമാണ്. എന്നാൽ ടി പദ്ധതി നിർവ്വഹണത്തിൽ ബിൽ പ്രകാരം മൾട്ടിമീഡിയ പ്രോജക്ടറിന് 39000 രൂപ ചെലവഴിച്ചു. 13370 രൂപ അധികമായി ചെലവഴിച്ചു.
അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/27-02-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്മാർട്ട് ക്ലാസ് റൂമിലേക്ക് ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ അധികമായി ചെലവഴിച്ച 16600 രൂപ (3230+13370) ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉപകരണങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമയ്ക്കേണ്ടതും അഞ്ചു വർഷ വാറന്റി ഉറപ്പുവരുത്തേണ്ടതുമാണ്. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതുവരെ ആകെ ചെലവ് തുകയിൽ നിരാകരിച്ച തുകയായ 16600 രൂപ ഒഴികെ ബാക്കി തുകയായ 225100 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-5 കെയ്കോയിൽ (KAICO) നിന്നും വളം വാങ്ങൽ - അപാകതകൾ

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവവളം വാങ്ങുന്നതിന്റെ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശ സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ കൃഷി ഓഫീസർ കൺവീനറായ പർച്ചെയ്സ് കമ്മിറ്റി മുഖേന വാങ്ങണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചെയ്സ് നടത്തണമെന്നും സബ്സിഡി ബാങ്ക് വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി ടെണ്ടർ നടപടി കൂടാതെ കെയ്ക്കോയിൽനിന്നും (KAICO) വളം വാങ്ങി നേരിട്ട് വിതരണം ചെയ്തു. കാർഷിക യന്ത്രോപകരണങ്ങൾ മാത്രമാണ് കെയ്ക്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ ഉത്തരവുള്ളത്. കൂടാതെ ടെണ്ടർ കൂടാതെയുള്ള വാങ്ങൽ അവ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. വിവിധ പ്രോജക്ടുകളിലായി KAICO-ൽനിന്നും വളം വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും തീയതിയും | അടങ്കൽ | ചെലവ് | വാങ്ങിയ ജൈവവളത്തിന്റെ അളവ് | ബിൽ പ്രകാരമുള്ള തുക | ബിൽ നമ്പരും തീയതിയും |
|---|---|---|---|---|---|---|
| 1 | ജൈവ പച്ചക്കറി വികസനം (വനിത) (13/18) | 322083 | 250000 | വേപ്പിൻ പിണ്ണാക്ക് - 10300 kg. | 288400 | നം.2/17-18 തീ 06-01-2018 (₹33750) നം.3 തീ 10-01-2018- (₹216250) ആകെ |
| | | | | പച്ചക്കറി കിറ്റ് | 33750 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | -250000 |
| 2 | ഏത്തവാഴകൃഷി (14/18) | 475600 | 418200 | എല്ലുപൊടി - 9184 kg. | 246000 | നം.4 തീ 10-01-2018 (₹418200) |
| | | | | വാഴവിത്ത് - 16400 nos. | 229600 | |
| 3 | സമഗ്ര പുരയിട കൃഷി (15/18) | 450000 | 400000 | എല്ലുപൊടി - 1250 kg. | 250000 | നം-6 തീ 27-02-2018 (₹400000) |
| | | | | കിഴങ്ങുവിള കിറ്റ് - 1250 kg. | 200000 | |

മുകളിൽ ചൂണ്ടിക്കാട്ടിയ 3 പ്രോജക്ടുകളിലും കെയ്ക്കോയിൽ നിന്നുമുള്ള ബിൽ തുകയുടെ 75% മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ടി സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. ബിൽ തുക പൂർണ്ണമായും നൽകാതെ ജൈവവളം പൂർണ്ണമായും ലഭിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 25% തുക എപ്രകാരം കണ്ടെത്തുമെന്ന് പ്രോജക്ട് രൂപീകരണ ഫാറത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും ടെണ്ടർ നടപടി കൂടാതെയും പർച്ചെയ്സ് കമ്മിറ്റി മുഖേനയല്ലാതെയും വളം വാങ്ങി വിതരണം ചെയ്ത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/27-02-19) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സ്ഥാപനമായതിനാലാണ് വളം വാങ്ങൽ നടത്തിയതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ടെണ്ടർ നടപടി കൂടാതെ വളം വാങ്ങുന്നതിന് നിലവിൽ ഉത്തരവില്ലാത്ത സാഹചര്യത്തിൽ ഭാവിയിൽ കെയ്ക്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെയുള്ള വളം വാങ്ങൽ പ്രോജക്ടുകൾ ഒഴിവാക്കപ്പെടേണ്ടതാണ്.

## 3-6 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി

2017-18-ലെ വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.186/18 പ്രകാരം സ്പിൽഓവറായി ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് തേക്കുംകൂട്ടത്തിൽ കോളനി റോഡ് സൈഡ് പാർശ്വഭിത്തി നിർമ്മാണം. പട്ടികജാതി ഫണ്ടിൽനിന്നും 25000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1000000 രൂപയും ഉൾപ്പടെ ആകെ 1025000 രൂപ വകയിരുത്തി ഇ-ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ കിഷോർ പി. ദിവാകരൻ എന്നയാൾ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് (₹946075.76). പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 898205 രൂപയുടെ പ്രവൃത്തി നടത്തി. വാറ്റ് (₹35928), ആദായനികുതി (₹8982), ക്ഷേമനിധി വിഹിതം (₹8982) എന്നിവ കിഴിച്ചതിനുശേഷം 844313 രൂപ കരാറുകാരന് പ്രതിഫലം നൽകി. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള ഇ-ടെണ്ടർ രേഖകൾ പ്രകാരം ഒറിജനൽ എസ്റ്റിമേറ്റിൽ 6 ഇനങ്ങളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ ഈ പ്രവൃത്തി 27.05.17-ൽ പൂർത്തിയാക്കിയിട്ടുള്ളതായും, 03.06.17-ൽ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളതായും കാണുന്നു. ഫൈനൽ ബില്ലിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചുവടെ ചേർക്കുന്ന 3 ഇനം പ്രവൃത്തികൾ ചെയ്തിട്ടുള്ളതിന് കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്.

| Extra Item No. | Item | Qty. | Rate | Amount |
|---|---|---|---|---|
| 1 (5.2.3) | Reinforced cement work in walls (any thickness including attached pillsters, buttresses, plinth and string courses, fillets, columns, | 8.00m3 | 8789.29m3 | 62193.02 |

| | | | | |
|---|---|---|---|---|
| | pillars piers, abutments, posts and struts etc. up to floor five level, excluding cost of centering, shuttering, finishing and reinforcement | | | |
| 2 (5.9.2) | Centering and shuttering including struttering, propping etc. and removal of form for walls (any thickness) including attached pilsters, buttresses, plinth and string courses etc. | 68.55m2 | 482.67/m2 | 29488.72 |
| 3 (5.22.6) | Steel reinforcement for R.C.C. work including straightening, cutting, bending, placing in position and binding all complete up to plinth level. | 824.00kg | 91.10/kg | 66577.7 |
| | | | | 158259.44 |

എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയതിന് യഥാസമയം ഭരണാനുമതിയും, റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും വാങ്ങിയിട്ടില്ല. 03.06.17-ൽ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണാനുമതി വാങ്ങിയിട്ടുള്ളത് 20.06.17-ൽ മാത്രമാണ് (തീരുമാന നം.1/4). റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല (റിവൈസ്ഡ് റ്റി.എസ്. നമ്പർ രേഖപ്പെടുത്തിയിട്ടില്ല). എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

പി.ഡബ്ല്യു.ഡി. മാന്വലിലെ ഖണ്ഡിക 1601.1.6, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്.)നം.72/2017 /തസ്വഭവ., തീ.29.03.17] ഖ.8.5(vii) എന്നിവ പ്രകാരം, ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഒറിജിനൽ നിർമ്മാണ പ്രവൃത്തിയുടെ രൂപകൽപനയിൽ ഘടനാപരമായ വലിയ മാറ്റം ആവശ്യമാണെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയായതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ (Advanced stage of completion) സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. പ്രവൃത്തിയുടെ നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനമോ, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അളവിൽ അധികമായോ പ്രവൃത്തി നടത്തേണ്ടിവരുന്ന സാഹചര്യത്തിൽ മുൻകൂർ ഭരണാനുമതി വാങ്ങി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി മുമ്പ് സാങ്കേതികാനുമതി നൽകിയ അധികാരികളിൽനിന്നും സാങ്കേതികാനുമതി വാങ്ങിയതിനുശേഷം മാത്രമേ പ്രവൃത്തി നടത്താൻ പാടുള്ളൂ.

ഈ പ്രവൃത്തിയുടെ കാര്യത്തിൽ ചട്ടവിരുദ്ധമായാണ് എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയിട്ടുള്ളത്. നടപടി ക്രമങ്ങൾ പാലിക്കാതെ Extra ഇനം പ്രവൃത്തി നടത്തിയതിന് ചെലവഴിച്ച158259.44 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-7 മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക യഥാസമയം നൽകിയില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റിൽനിന്നും 467000 രൂപ അടങ്കൽ വകയിരുത്തി വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ പുത്തൻചന്ത – അക്കാളുമുക്ക് റോഡിൽ വെള്ളക്കെട്ടുള്ള 45 മീറ്റർഭാഗം ക്വാറി മക്ക് ഫില്ലിംഗ് നടത്തുന്നതിനും 90 മീറ്റർ നീളത്തിൽ ടാറിംഗ് നടത്തുന്നതിനും, 119.50 മീറ്റർ നീളത്തിൽ Irish Drain ചെയ്യുന്നതിനും വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ ബബ്ലൂ ടോം സക്കറിയ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 465920 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

01.10.15-ൽ കരാർ വെച്ച (നം.54/AE/LSGD/15-16) ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ സമർപ്പിച്ചിരിക്കുന്നത് 29.12.15-ലാണ്. പാർട്ട് ബിൽ പ്രകാരം 343074 രൂപ ചെലവഴിച്ച് കരാറുകാരൻ എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങളായ ക്വാറി മക്ക് ഫില്ലിംഗും, ടാറിംഗ് പ്രവൃത്തിയും പൂർത്തിയാക്കി. 29.12.15-ൽ പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കരാറുകാരന് പാർട്ട് ബിൽ തുക നൽകിയിട്ടുള്ളത് 29.03.16-ൽ മാത്രമാണ്. പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ അവശേഷിച്ച ഐറിഷ് കോൺക്രീറ്റിംഗ് പ്രവൃത്തി 12.01.16-ൽതന്നെ കരാറുകാരൻ പൂർത്തിയാക്കുകയും എം.ബുക്കിൽ അളവു രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് എടുത്തിട്ടുള്ളതായി കണ്ടു. 29.12.15-ൽ പാർട്ട് ബിൽ തയ്യാറാക്കി സമർപ്പിക്കുകയും, 29.03.16-ൽ പാർട്ട് ബിൽ തുക അനുവദിക്കുകയും ചെയ്യുന്നതിന് മദ്ധ്യേ 12.01.16-ൽ പൂർത്തിയാക്കിയ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി നടപ്പുവർഷം തന്നെ കരാറുകാരന് അവസാന ബിൽ തുക നൽകുന്നതിന് സാധ്യമാകുമായിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയായ 122846 രൂപ തുടർന്നുള്ള 2016-17 സാമ്പത്തിക വർഷവും നൽകിയിട്ടില്ല. 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 20.07.17-ൽ മാത്രമാണ് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുള്ളത് (23/17-18 നമ്പർ ട്രഷറി ബിൽ).

2015-16 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തിയാക്കി എം.ബുക്കിൽ അളവ് രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്ത പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകുന്നതിന് അസാധാരണമായ കാലതാമസം ഉണ്ടായതിനുള്ള കാരണം ഫയലിൽനിന്നും വ്യക്തമായിട്ടില്ല. പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം ചെക്ക്മെഷർമെന്റ് ചെയ്തതിനുശേഷം രണ്ട് ആഴ്ചയ്ക്കകം ഫൈനൽബിൽ തയ്യാറാക്കി കരാറുകാരന് പണം നൽകണം. ചട്ടം ഇതായിരിക്കെ 12.01.16-ൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി തൻവർഷംതന്നെ ഫൈനൽ ബിൽ നൽകാതെ പാർട്ട് ബിൽ തുക നൽകിയതിനും, അവശേഷിച്ച തുക ഒന്നരവർഷത്തിനുശേഷം 2017-18 സാമ്പത്തിക വർഷം അനുവദിച്ചതും ദുരൂഹമാണ്. വീഴ്ചയ്ക്ക് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/27.02.19) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ കോൺക്രീറ്റിംഗിന് വകമാറ്റി

റോഡ് മെയിന്റൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികൾ സംബന്ധിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തതിനുശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് (സർക്കുലർ നം.68228/എഫ്.എം.1/2012/തസ്വഭവ, തീ.28.11.12). ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 5212327 രൂപ വകയിരുത്തി റോഡുകൾ പുതുതായി കോൺക്രീറ്റിംഗ് നടത്തുന്നതിന് 31പ്രോജക്ടുകൾ ആവിഷ്കരിച്ച് 3165369 ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 24.05.217-ലെ 1(2) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 622733 രൂപ റോഡുകളുടെ സംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിക്കുവാനും ബാക്കി തുക റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുമാണ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത്. പ്രസ്തുത തീരുമാനത്തിൽ ഒരിടത്തും കൈമാറികിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി തീരുമാനമെടുത്തിട്ടില്ല.

കൈമാറികിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിട്ടില്ല. ഭരണസമിതിയും ഏകകണ്ഠമായി അപ്രകാരം ഒരു തീരുമാനം എടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പാലിക്കാതെയാണ് റോഡ് സംരക്ഷണത്തിന് ലഭിച്ച തുകയുടെ സിംഹഭാഗവും പുതിയ നിർമ്മാണ പ്രവത്തികൾക്ക് വിനിയോഗിച്ചിട്ടുള്ളത്. റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 3165369രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ

അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്).

### 3-9 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

ഗ്രാമപഞ്ചായത്തുകളുടെയും, നഗരഭരണ സ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണം, ശുചിത്വം, ഖരമാലിന്യ പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, റോഡുകളുടെ പരിപാലനം, റോഡിനിരുവശവുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്, ശ്മശാനങ്ങൾ സ്ഥാപിക്കൽ മുതലായ അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ഒരോ വർഷവും ഏതെങ്കിലും ഒരു അടിസ്ഥാന സേവനത്തിനുമാത്രം മുൻഗണന നൽകണമെന്നാണ് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നത്. എന്നാൽ അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഫണ്ടിന്റെ സിംഹഭാഗവും പുതിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വകമാറ്റുകയാണ് ഉണ്ടായിട്ടുള്ളത്. ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 7075735 രൂപ വകയിരുത്തി 49 പ്രോജക്ടുകൾ ആവിഷ്കരിച്ച് 5360182രൂപ ചെലവഴിച്ചു.

കേന്ദ്ര ധനമന്ത്രാലയത്തിന്റെ മാർഗരേഖ പ്രകാരം ധനകാര്യ കമ്മീഷിൻ ഗ്രാന്റിന്റെ ഉപയോഗം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ലെന്ന് 18.09.2017-ലെ ഡി.എ.1/672/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 2017-18-ലെ മാർഗ്ഗരേഖ പ്രകാരം നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു (സർക്കുലർ നം.ഡി.എ.1/859/2017/തസ്വഭവ, തീ.10.11.17). എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നുംതന്നെ മേൽപറഞ്ഞ പ്രകാരമുള്ള എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനെ തുടർന്നാണ് (നം.22/26.02.19) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ 50 പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചി നീയർ സാക്ഷ്യപത്രം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു., സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 3-10 ലോകബാങ്ക് ധനസഹായ തുകയുടെ ക്രമവിരുദ്ധമായ വിനിയോഗം

തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വേൾഡ് ബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ലോക്കൽ ഗവ: സർവ്വീസ് ഡലിവറി പ്രോജക്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുക, സാമ്പത്തികവും വികസനപരവുമായ പ്രവർത്തനം മെച്ചപ്പെടുത്തുക, പരിശീലന പരിപാടികൾ കുറ്റമറ്റതാക്കുക, സ്ഥിതിവിവര കണക്കുകൾ പൂർണ്ണമാക്കുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുക, ജനങ്ങൾക്ക് നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയായിരുന്നു പ്രോജക്ടിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 16.11.11-ലെ ജി.ഒ.(ആർ.ടി) 2668/11/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച അധിക മാർഗ്ഗരേഖയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിങ്ങനെയുള്ള സേവന പ്രദാനം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ ലോകബാങ്ക് വിഹിതം വിനിയോഗിച്ചുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ 2017-18 സാമ്പത്തിക വർഷം ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്ത 23 പ്രോജക്ടുകളിൽ 4എണ്ണം ഒഴികെ ബാക്കി 19 എണ്ണവും വാർഡ് അടിസ്ഥാനത്തിൽ തുല്യമായി ഫണ്ട് വീതം വെച്ചുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു. ഇവയുടെ ശരാശരി അടങ്കൽ 94000 രൂപ മാത്രമായിരുന്നു. ഈ അടങ്കൽ തുക കൊണ്ട് ശരാശരി 27 മീറ്റർ നീളം കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് സാധിച്ചിട്ടുള്ളത്. ലോകബാങ്ക് ഫണ്ട് വകയിരുത്തി റോഡ് നിർമ്മാണം അനുവദനീയമാണെങ്കിലും ഏറ്റെടുക്കുന്ന റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയിരിക്കണമെന്ന നിബന്ധനയുണ്ട്. ലോകബാങ്ക് മാനദണ്ഡത്തിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

### 3-11 കൺവീനർ പ്രവൃത്തി - വരവു ചെലവ് കണക്കുകൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം (2017-18) ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കൺവീനർ കണക്കുകൾ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | തോണ്ടുവരമ്പേൽപ്പടി മാത്രരേത്ത്പടി റോഡ് കോൺക്രീറ്റിംഗ് (178/18) | ശ്രീ ഉല്ലാസ് കുമാർ ചൈതന്യ വള്ളിക്കോട് | 287600 | 285967 | 1/17-18 30.06.17 |
| 2 | ICDP സബ് സന്റർ ടോയ്‌ലറ്റ് നിർമ്മാണം (153/18) | ശ്രീ രാജീവ് ആർ., രാജീവ് ഭവനം, വള്ളിക്കോട് | 70000 | 61627 | 6/17-18 30.06.17 |
| 3 | അങ്കണവാടി നം.107 – കഞ്ഞിപ്പുര നിർമ്മാണം (190/18) | ശ്രീമതി തങ്കമണി ആർ. | 75000 | 56909 | 19/17-18 30.06.17 |
| | ആകെ | | | 404503 | |

കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13(6) പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക, തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കിക്കഴിഞ്ഞാൽ വരവു ചെലവ് കണക്ക്, മസ്റ്റർ റോൾ, വൗച്ചറുകൾ, മിനിട്സ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പഞ്ചായത്തിനു നൽകണം. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസ്സാക്കി മൊത്തം വരവു ചെലവു കണക്കുകൾ അംഗീകരിക്കണം. കൺവീനർക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഫൈനൽ ബിൽ പ്രകാരമുള്ള തുകയോ, ഏതാണ് കുറവ് അതിനു മാത്രമാണ് കൺവീനർക്ക് അർഹതയുള്ളത്. ടി പ്രവൃത്തികളുടെ കൺവനീർക്ക് യഥാർത്ഥത്തിൽ ചെലവായ തുക കണക്കാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ സാഹചര്യത്തിൽ ടി പ്രവൃത്തികൾക്ക് ചെലവഴിച്ച 404503 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

### 3-12 സിംഗിൾ ടെണ്ടർ സ്വീകരിച്ച് കരാർ നൽകി

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുതും ഓഡിറ്റ് വർഷം നിർവ്വഹണം പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളതുമായ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് ഓരോ ടെണ്ടർ വീതം മാത്രമാണ് ലഭിച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി. മാന്വലും, നിലവിലുള്ള സർക്കാർ ഉത്തരവും (G.O (P) No.324/2015/Fin Dated, 30.07.2015) പ്രകാരം സിംഗിൾ ടെണ്ടർ സ്വീകരിച്ച് കരാർ നൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ച മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് സിംഗിൾ ടെണ്ടർ സ്വീകരിച്ച് കരാർ നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ടെണ്ടർ തീയതി | ടെണ്ടർ സമർപ്പിച്ച കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|---|---|
| 1 | 160/17-18 | വിളയിൽപടി - തറയിൽപടി റോഡ് റീടാറിംഗ് | 126000 | 12.01.17 | ശ്രീ ബാബില്ല ടോം സക്കറിയ | 1% കുറഞ്ഞ നിരക്ക് |
| 2 | 154/17-18 | പൈനംമൂട് - നരിക്കുഴി കാരുവയൽ ഏലാ റോഡ് റീടാറിംഗ് | 287600 | 12.01.17 | ശ്രീ ബാബില്ല ടോം സക്കറിയ | 2% കുറഞ്ഞ നിരക്ക് |
| 3 | 186/17-18 | തേക്കുംകൂട്ടത്തിൽ കോളനി റോഡ് സൈഡ് പാർശ്വഭിത്തി നിർമ്മാണം | 1025000 | 27.02.17 | ശ്രീ കിഷോർ പി. ദിവാകരൻ | ₹946075.76 ഇ-ടെണ്ടർ |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 കാലിത്തീറ്റ സബ്സിഡി - അർഹമായ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി *കാലിത്തീറ്റ സബ്സിഡി* (പ്രോ.നം.76/17-18) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽനിന്നും 180000രൂപ വകയിരുത്തിയ പദ്ധതിക്ക് അത്രയും തന്നെ തുക ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു പശുവിന് ഒരു മാസം പരമാവധി 1000രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പര്യാപ്തമായ തുക വകയിരുത്താത്തതുമൂലം അർഹമായ ആനുകൂല്യം കർഷകർക്ക് ലഭിക്കാതെ പോയി. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് പരമാവധി 10000രൂപയും പട്ടികജാതി വിഭാഗത്തിന് 12000രൂപയും നൽകാമായിരുന്നെങ്കിലും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി പ്രകാരം 4000രൂപ വരെ മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ക്ഷീരമേഖലയിലെ ഉൽപ്പാദന വർധനവിനും ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കാനും ഉതകുന്ന പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്

## 3-14 പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിച്ചില്ല

പ്രത്യേക ആവശ്യത്തിനായി/പദ്ധതികൾക്കായി വിവിധ ഏജൻസികളിൽനിന്നും 2017-18സാമ്പത്തിക വർഷം വരെ ലഭിച്ച തുകകളിൽ 31.03.2018വരെ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ പറയും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1. | 320100101 | എൻ.ആർ.ഇ.ജി.എസ്. | 4203 |
| 2. | 320100116 | എസ്.എസ്.എ. | 31209 |
| 3. | 320100121 | ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 541441 |
| 4. | 320200305 | ഗവ.ഇതര ഏജൻസികളിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 234936 |
| 5. | 320200307 | ഗവ.ഇതര ഏജൻസികളിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 250000 |
| 6. | 320200322 | ശുചിത്വ മിഷനിൽ നിന്നുമുള്ള ഗ്രാന്റ് | 838490 |
| 7. | 320300103 | ശുചിത്വ മിഷനിൽനിന്നുള്ള ഗ്രാന്റ് - Total Sanitation Campaign | 224478 |
| 8. | 320700104 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്ത് | 2042672 |
| 9. | 320800199 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം - ജില്ലാ പഞ്ചായത്ത് | 1200647 |

പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (01/18.02.19) പദ്ധതി പൂർത്തീകരിച്ച ശേഷവും ബാലൻസ് തുകയിനത്തിൽ ബ്ലോക്ക് വിഹിതമായി 118418രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 200647രൂപയും അവശേഷിക്കുന്നതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ ഐ.സി.ഡി.എസ്. കേന്ദ്രവിഹിതമായി ലഭിച്ച തുക ചെലവഴിക്കാതെ തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 2016-17വർഷം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക യഥാസമയം ചെലവഴിക്കാതെ പദ്ധതി നീട്ടിക്കൊണ്ടു പോകുകയാണ്. വിവിധ ഉദ്ദേശ്യങ്ങൾക്കായി സർക്കാർ, സർക്കാർ ഇതര ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുക യഥാസമയം ചെലവഴിക്കുകയും പദ്ധതി പൂർത്തീകരിച്ച ശേഷവും അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ഏജൻസികളിലേക്ക് തിരികെ ഒടുക്കുകയും ചെയ്യേണ്ടതാണ്.

## 3-15 തെരുവ് വിളക്കുകൾക്ക് മെയിന്റനൻസ് - അധികച്ചെലവ്

തെരുവ് വിളക്കുകൾ വാങ്ങുന്നതിനും, മെയിന്റനൻസിനുമായി 2016-17-ൽ 6 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചു. പ്രസ്തുത പ്രോജക്ട് 2017-18-ൽ സ്പിൽ ഓവറായാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 105/2017 (സ്പിൽ ഓവർ നം.117/2018) |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ മെയിന്റനൻസിനാവശ്യമായ സാധനങ്ങൾ വാങ്ങലും റിപ്പയറിംഗും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹600000 |
| ചെലവ് | ₹94708 (ചെക്ക് നം.451887, തീ. 23.02.2017) |

തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ കെ. പുരുഷോത്തമൻ (കെ പി ഇലക്ട്രിക്കൽസ്, ഞക്കനിലം പി.ഒ.) എന്ന വ്യക്തിയുടെ കരാർ 13.12.2016-ലെ II-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ടിയാനുമായി 11.01.2017-ൽ കരാറിലേർപ്പെടുകയുണ്ടായി. കരാർ തീയതി മുതൽ ഒരു വർഷ കാലയളവ് പ്രാബല്യം നൽകിയാണ് മെയിന്റനൻസിനായി കരാർ ചമച്ചത്. ട്യൂബുകൾക്ക് 200രൂപയും സി.എഫ്.എൽ./എൽ.ഇ.ഡി. വിളക്കുകൾക്ക് 180 രൂപയുമാണ് ടിയാൻ ക്വോട്ട് ചെയ്തിരുന്നത്.

15 വാർഡുകളിലായി വാർഡ് ഒന്നിൽ 30 ട്യൂബുകളും (നിരക്ക്-200രൂപ) 16 സി.എഫ്. വിളക്കുകളുടെയും (നിരക്ക്-160രൂപ) മെയിന്റനൻസ് 25.03.2017-ൽ പൂർത്തിയാക്കുകയും 128400രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തു. വീണ്ടും 04.12.2017-ൽ 15 വാർഡുകളിലായി 564 ട്യൂബുകൾ 200രൂപ നിരക്കിലും, 340 എൽഇഡി വിളക്കുകൾ 150രൂപ നിരക്കിലും മെയിന്റനൻസ് ചെയ്തിട്ടുണ്ട്. ആകെ ചെലവായ163800 രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്.

മെയിന്റനൻസിനായി അടാട്ട് മാതൃകയിൽ തുക ചെലവഴിക്കാമായിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി.2-44274/2015-ാം നമ്പർ നടപടി ക്രമത്തിലെ നിർദ്ദേശപ്രകാരം അടാട്ട് മാതൃകയിൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ 700 രൂപ വീതം ദിവസവേതനം 2 വ്യക്തികൾക്ക് എന്ന നിലയിൽ പരമാവധി 1400 രൂപയോ (ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15-നും 25-നും ഇടയ്ക്ക് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതാണെന്ന വ്യവസ്ഥ പ്രകാരം) പോൾ ഒന്നിന് കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പരമാവധി 100 രൂപ നിരക്കിലോ നൽകിയാൽ മതിയാകും. അടാട്ട് മാതൃകയിൽ സ്ഥാപിക്കുമ്പോൾ മുകളിൽ പരാമർശിച്ചിട്ടുള്ള മെയിന്റനൻസിന് നൽകേണ്ട തുക ചുവടെ ചേർക്കുന്നു.

| തീയതി | കരാറുകാരന്റെ നിരക്ക് | അടാട്ട് മാതൃക-പോൾ നിരക്കിൽ | അടാട്ട് മാതൃക-ദിവസ വേതനം |
|---|---|---|---|
| 25.03.2017 | 15x30x200+<br>15x16x160=<br>128400 | 15x(30+16)x100=69000+വാഹന വാടക | 15x(30+16)/15x1400=64400 |
| 04.12.2017 | 564x200+340x150=163800 | (564+340)x100=90400+വാഹന വാടക | 904/15x1400=84373 |

മെയിന്റനൻസിനായി വാഹനവാടക ഇനത്തിൽ തുക ചെലവഴിക്കാവുന്നതാണ്. വാഹന വാടക കുറയ്ക്കുന്നതിനായി ടെണ്ടർ മുഖേന വാടകയ്ക്ക് വാഹനം എടുക്കാവുന്നതും ഒരു ദിവസം പരമാവധി പോളുകളിൽ മെയിന്റനൻസ് നടത്താവുന്നതും പോൾ ഒന്നിന് പരമാവധി അനുവദിക്കാവുന്ന 100 രൂപയ്ക്ക് പകരം ക്വട്ടേഷൻ ക്ഷണിച്ച് നിരക്കുകൾ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വരുമ്പോൾ മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കാവുന്നതുമാണ്. മേൽ നടപടിക്രമങ്ങളിലൂടെ തെരുവ് വിളക്കുകൾക്ക് മെയിന്റനൻസിനായി നിലവിൽ ചെലവഴിച്ച തുകയേക്കാളും കുറഞ്ഞ ചെലവിൽ മെയിന്റനൻസ് പൂർത്തീകരിക്കാൻ സാധിക്കാവുന്നതും തനത് ഫണ്ടിന്റെ ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതുമാണ്.

ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ

രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസൈൽ ചെയ്യുന്നുവെന്നും ഉറപ്പ് വരുത്തേണ്ടിയിരുന്നു. എന്നാൽ അൺ സർവ്വീസബിൾ ഐറ്റംസിന് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ മെയിന്റനൻസ് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾ 36/27.02.2018-ാം നമ്പർ എൻക്വയറിയിലൂടെ അധികൃതരെ അറിയിച്ചിട്ടുള്ളതാണ്. മറുപടിയിൽ ചെലവ് കുറയ്ക്കുന്നതിക്ക മാതൃകകൾ സ്വീകരിച്ച് വരും വർഷങ്ങളിൽ പദ്ധതി നടപ്പാക്കുന്നതാണെന്നും രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-16 ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് അനുമതി സാക്ഷ്യപത്രമില്ലാതെ

2016-17-ൽ പഞ്ചായത്താവശ്യത്തിനായി ജനറേറേറർ വാങ്ങുവാൻ ലോക ബാങ്ക് സഹായം വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചു. 2017-18-ൽ സ്പിൽ ഓവറായാണ് പദ്ധതി നടപ്പിലാക്കിയത് (പ്രോ.നം.120/2018). പദ്ധതിയുടെ അടങ്കൽ 440808 രൂപയായിരുന്നു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സതേൺ അസോസിയേറ്റ്സ്, രാമൻ ചിറ, തിരുവല്ല എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 22.03.2017-ലെ സപ്ലൈ ഓർഡർ പ്രകാരം ജനറേറ്റർ സ്ഥാപിക്കുകയുമുണ്ടായി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- ജനറേറ്റർ സ്ഥാപിക്കുന്നതിന് മുൻപ് കരാറിലേർപ്പെട്ട സ്ഥാപനം കരാർ വ്യവസ്ഥകൾ പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും സ്ക്രൂട്ടിനി റിപ്പോർട്ട് വാങ്ങി പ്രവൃത്തി ആരംഭിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ഇൻസ്പെക്ഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്ത് സ്ഥാപനത്തിന് തുക നൽകുകയും വേണ്ടിയിരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്ക്രൂട്ടിനി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ പരിഹരിക്കുവാൻ ആവശ്യപ്പെട്ട അപാകതകൾ പരിഹരിച്ച് അനുമതി സാക്ഷ്യപത്രം വാങ്ങുന്നതിനുള്ള നടപടികൾ സ്ഥാപനം നാളിതുവരെ സ്വീകരിച്ചിട്ടില്ല. അപകട സാധ്യതയുണ്ടാകാമെന്നതിനാൽ, ശരിയായ രീതിയിൽ സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് അനുമതി സാക്ഷ്യപത്രം ലഭ്യമാക്കിയതിന് ശേഷം മാത്രമേ ജനറേറ്റർ പ്രവർത്തിപ്പിക്കാവൂ എന്നിരിക്കെ ആയതിന് വിരുദ്ധമായി അനുമതി സാക്ഷ്യപത്രമില്ലാതെയാണ് നിലവിൽ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത്.
- അനുമതി സാക്ഷ്യപത്രം ലഭ്യമാക്കിയതിന് ശേഷമേ തുക പൂർണ്ണമായും നൽകുകയുള്ളൂ എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ സ്ഥാപനം ആവശ്യപ്പെട്ട 376000 രൂപയിൽ 200000രൂപ 28.10.2017-ലും 176000 രൂപ 10.01.2018-ലും നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥ പാലിക്കാത്ത സ്ഥാപനത്തിന് തുക നൽകിയത് ക്രമവിരുദ്ധമാണ്.

അപാകത സംബന്ധിച്ച് വിശദീകരണം എൻക്വയറി (29/27.02.2018) മുഖേന ആവശ്യപ്പെട്ടിരുന്നു. സമയബന്ധിതമായി തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യത്തിലാണ് അനുമതി സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപ് കരാറിലെ വ്യവസ്ഥ ലംഘിച്ച് സ്ഥാപനത്തിന് തുക നൽകിയതെന്ന് അറിയിച്ചിട്ടുണ്ട് . ടി മറുപടി തൃപ്തികരമല്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി പത്രം യഥാസമയം വാങ്ങുന്നതിനുള്ള നടപടികൾ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നുണ്ടായില്ല. ആയതിൻമേൽ പഞ്ചായത്തധികൃതർ യാതൊരു നടപടിയും സ്വീകരിച്ചിരുന്നുമില്ല. ടി കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. അനുമതി സാക്ഷ്യപത്രം താമസം വിനാ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് സെന്റേജ് ചാർജ്ജ് നൽകി

| | |
|---|---|
| പ്രോജക്ട് നം | 79/2018 |
| പ്രോജക്റ്റിന്റെ പേര് | വളവിൽ കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3150000 (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | ₹313000 (237/13.03.2018) |

സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08.03.2018-ലെ ഡി.ബി.314/13 vol-2 നമ്പർ

കത്തിനോടൊപ്പം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള 313000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയുണ്ടായി. 13.03.2018-ൽ വാട്ടർ അതോറിറ്റിയുടെ പേരിലുള്ള 67141205273-ാം നമ്പർ എസ്.ബി.ഐ. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമുണ്ടായി. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കാതെയാണ് തുക നൽകിയിട്ടുള്ളത്.
2. പ്രസ്തുത പ്രവൃത്തിയുടെ ലൊക്കേഷൻ മാപ്പ്, സ്കെച്ച് എന്നിവ ഫയലിൽ ഇല്ല.
3. വികസന ഫണ്ട് (എസ്.സി.പി.) വിഹിതം വകയിരുത്തിയ പ്രോജക്ട് ആയതിനാൽ പ്രസ്തുത പദ്ധതിക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി പദ്ധതി നടപ്പാക്കേണ്ടിയിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിന് മുൻപ് ഫീസിബിലിറ്റി പരിശോധിച്ചിരുന്നില്ല.
4. പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത് സംബന്ധിച്ച് പൂർത്തീകരണ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5. സൂപ്പർ വിഷൻ, സെന്റേജ് ചാർജ്ജ് എന്നീ ഇനങ്ങളിലായി 12.50 (10+2.50) ശതമാനം തുക കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ PWD മാന്വൽ [G.O.(P) No.13/2012/PWD, dtd. 01.02.2012] ഖണ്ഡിക 1601.4 പ്രകാരം 2.5% സെന്റേജ് ചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. PWD മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്. തദ്ദേശ സ്വയംഭരണ (FM) വകുപ്പിന്റെ 16.04.2018-ലെ സ.ഉ.(സാധാ) നം.1069/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരവും K.W.A-യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 2.5% സെന്റേജ് ചാർജ് ഈടാക്കാൻ കഴിയുകയില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്.
    - മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടിയോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുകയുണ്ടായി.

01.02.2012-ലെ പി.ഡബ്ല്യു.ഡി. മാന്വലിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 2.5% സെന്റേജ് ചാർജ്ജ് ഈടാക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നിട്ടും 2017-18-ൽ നടപ്പാക്കിയ പദ്ധതിക്ക് സെന്റേജ് ചാർജ്ജ് നൽകിയത് ക്രമപ്രകാരമല്ല. അധികമായി നൽകിയ സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കുന്നതിനും, പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 3-18 മരങ്ങാട്ടു കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2016-17വർഷം മരങ്ങാട്ട് കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി 92000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതായി കണ്ടു. ഈ പദ്ധതി ഓഡിറ്റ് കാലയളവിലും പൂർത്തിയാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### 3-19 ഭൂമി ഏറ്റെടുക്കൽ - അവാർഡ് തുക നൽകുന്നതിന് പദ്ധതിപ്പണം ചെലവഴിച്ചു

പത്തനംതിട്ട സബ് കോടതിയിലെ LAR3/2004 നമ്പർ കേസുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി 27.11.2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ വള്ളിക്കോട്-അങ്ങാടിക്കൽ-കൊടുമൺ കുടിവെള്ള പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തതിൽ പഞ്ചായത്ത് നൽകിയ കോമ്പൻസേഷൻ കുറവായതിനാൽ സ്ഥലത്തിന്റെ കോമ്പൻസേഷൻ തുക ഒരു ആറിന് 20000 രൂപയാക്കി ഉയർത്തുകയുണ്ടായി. പൊന്നും വില നിയമം സെക്ഷൻ 28(എ) പ്രകാരം മൂന്ന് സ്ഥല ഉടമകൾക്ക് ജില്ലാ കളക്ടറുടെ അനുമതിയോട് കൂടി എ.എൽ.എ. ജനറൽ സ്പെഷ്യൽ തഹസീൽദാർ അവാർഡ് തുക നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. 3 വ്യക്തികൾക്കായി 1746276 രൂപ ആണ് നിശ്ചയിച്ചിട്ടുള്ളത്. ടി തുക നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും 1900000 രൂപ പ്രോജക്ടിൽ (82/2018) വകയിരുത്തിയിരുന്നു. എന്നാൽ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഒ.ഡി.എഫ്. പദ്ധതിക്കായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ശുചിത്വ മിഷന് നൽകിയ തുകയിൽ തിരികെ ലഭിച്ച 1453200രൂപയും തനത് ഫണ്ടിൽ നിന്നും ബാക്കി തുകയും (₹293076) നൽകി. മൂന്ന് സ്ഥല ഉടമകൾക്കായി 1746276 രൂപ പത്തനംതിട്ട, സ്പെഷ്യൽ തഹസീൽദാർ (എൽ.എ.ജനറൽ), പേർക്ക് ചെലാൻ വഴി 8443-00-117-99-00-work-deposit എന്ന ശീർഷകത്തിൽ ഒടുക്കിയിട്ടുള്ളതാണ്. ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ച വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് 28.12.2016-ലെ കോ.ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ വിശദമായ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ച നടപടി ക്രമ പ്രകാരമല്ല. തനത് ഫണ്ട് അപര്യാപ്തമായ സാഹചര്യത്തിൽ വികസനഫണ്ട് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി തേടേണ്ടിയിരുന്നു. എന്നാൽ അനുമതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (32/27.02.2019)

ലഭ്യമാക്കിയ മറുപടിയിൽ കോമ്പൻസേഷൻ തുകയ്ക്ക് പലിശയിനത്തിലുള്ള ബാധ്യത പെരുകുന്നത് ഒഴിവാക്കാനാണ് വികസനഫണ്ട് ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കിയത് എന്ന വിശദീകരണം നൽകി. അനുമതി വാങ്ങാതെ വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു,.

### 3-20 ബാലസഭ പ്രവർത്തനങ്ങൾ പരിമിതം

വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് രൂപീകരിക്കുകയും ടി തുക വി.ഇ.ഒ. പദ്ധതി നിർവ്വഹണത്തിനായി 26.10.2017-ൽ സി.ഡി.എസ്സിന്റെ തനത് ഫണ്ടിൽ (A/c. No.67394956388 SBI Chandanappally) ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ ബാലസഭാ പ്രവർത്തനങ്ങൾക്കായി തുക ചെലവ് ചെയ്തിട്ടില്ല. ഈ തുക 03.05.2018-ലാണ് ബാലസഭാ പ്രവർത്തനത്തിനായി വിനിയോഗിച്ചത്. 29752 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചായയും ലഘു ഭക്ഷണവും | 5632 |
| ഉച്ച ഭക്ഷണം | 21120 |
| ബാനർ | 500 |
| ബോധവൽക്കരണ ക്ലാസ്സ് എടുത്തതിന് (താലൂക്ക് ആശുപത്രി ദന്ത വിഭാഗം) | 1500 |
| ഫോട്ടോ | 1000 |
| ആകെ | 29752 |

പദ്ധതി ചെലവിന്റ് 90 ശതമാനംവും ഭക്ഷണ ചെലവാണ്. ദന്ത വിഭാഗം നൽകിയ ബോധവത്ക്കരണ ക്ലാസ്സ് മാത്രമാണ് കുട്ടികൾക്ക് നൽകാൻ സാധിച്ചത്. വരും വർഷങ്ങളിൽ ലഭ്യമായ തുകയിൽ ബാലസഭാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

### 3-21 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ.(പി.)നം.7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48 പ്രകാരം 01.07.2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22.03.17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.01.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പള കുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടയ്ക്കേണ്ട തുക എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് ഒടുക്ക് വരുത്താത്ത പക്ഷം പിന്നീടുള്ള കാലയളവിന് 12 ശതമാനം പിഴപ്പലിശ കണക്കാക്കി സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ് (ജി.ഒ.(എം.എസ്.)205/90/എൽ.എസ്.ജി.ഡി തീയതി 03.12.1990). ആയത് അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

### 3-22 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം നൽകുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ.) 80/2017/ത.സ്വ.ഭ.വ. തീ. 30.04.2017 ഖണ്ഡിക 8.5കുറിപ്പ് 2) പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 149 വാട്ടർ ടാപ്പുകൾക്കായി പ്രതിവർഷം 5250 രൂപ നിരക്കിൽ പഞ്ചായത്ത് പ്രതിമാസം 65188 രൂപ വാട്ടർ ചാർജ്ജിനത്തിൽ ചെലവഴിക്കുന്നുണ്ട്. വെള്ളക്കരം ഇനത്തിൽ തൻ വർഷത്തെ ആകെ ചെലവ് 782256 രൂപയാണ്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സംയുക്ത പരിശോധന നടന്നിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ പ്രതിവർഷം പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും കൂടി ചേർത്ത് ഭീമമായ തുകയാണ് നൽകി വരുന്നത്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വാട്ടർ ചാർജ്ജ് അടയ്ക്കേണ്ടതുമാണ്. ഗാർഹിക കണക്ഷന് പ്രധാന്യം നൽകി വാട്ടർ ടാപ്പുകളുടെ എണ്ണം ചുരുക്കി പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കുവാൻ അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 373100 | നെൽകൃഷി വികസന പദ്ധതി (12/18) | 373100 | 0 |
| | 2017-18 | 175000 | അനുപൂരക പോഷകാഹാരം (1/18) | 175000 | 0 |
| | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (8/18) | 150000 | 0 |
| | 2017-18 | 300000 | പാലിന് സബ്സിഡി (77/18) | 300000 | |
| | 2017-18 | 100000 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (249/18) | 0 | 100000 |
| | | 1795000 | കിണർ റീചാർജ്ജിംഗ് (250/18) | 0 | 1795000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാലിയേറ്റീവ് കെയർ (2/18) | 150000 | 0 |
| | 2017-18 | 100000 | അനുപൂരക പോഷകാഹാരം (1/18) | 100000 | 0 |
| | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (8/18) | 100000 | 0 |
| | 2017-18 | 200000 | പാലിന് സബ്സിഡി (77/18) | 200000 | 0 |
| | 2017-18 | | മിനി പാർക്ക് നിർമ്മാണം (242/18) | 0 | 1000000 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വളവിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 313000 | 0 | 313000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) [റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 69405256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60137123 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21595 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5292148 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | 4995 | ശ്രീമതി ലൈജ്ജ എൽ.കെ., ഹെഡ്മിസ്ട്രസ് |
| 3-4 | 16600 | ശ്രീമതി ലൈജ്ജ എൽ.കെ., ഹെഡ്മിസ്ട്രസ് |
| ആകെ | 21595 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 139320 | ശ്രീമതി ബൃന്ദ എസ്സ്. ജ്യോതി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-6 | 158259 | ശ്രീ അരുൺ എസ്., അസി.എഞ്ചിനീയർ |
| 3-8 | 3165369 | ശ്രീ അരുൺ എസ്., അസി.എഞ്ചിനീയർ |
| 3-16 | 376000 | ശ്രീ പി. നന്ദകുമാർ, സെക്രട്ടറി |
| 3-19 | 1453200 | ശ്രീ പി. നന്ദകുമാർ, സെക്രട്ടറി |
| ആകെ | 5292148 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലൈജു എൽ.കെ., ഹെഡ്മിസ്ട്രസ് | ഗവ. എൽ.പി.എസ്., മായിലിൽ, വള്ളിക്കോട് | ഇലഞ്ഞിക്കൽ, കോന്നി പി.ഒ., പത്തനംതിട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി2/ 643/01, തീയതി, 09-01-12 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/ 17/02, തീയതി, 30-03-12 | 1 |
| 1997-98<br>1997-98 | എൽ.എഫ്.പി.റ്റി.എ.പി2/323/99, തീയതി, 07-05-12<br>എൽ.എഫ്.പി.റ്റി.എ.പി2/315/99, | 34 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/733/2000, തീയതി, 26.04.01 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/103/01, തീയതി, 17-11-01 | 3 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി, 2/501/03, തീയതി 16.04.03 | 5 |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ.പി2/226/04, തീയതി, 16-03-04 | 1 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/821/04, തീയതി, 11-07-2005 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2 /263/05,തീയതി, 02-09-2005 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07, തീയതി, 16-12-2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09, തീയതി, 16-10-2009 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09, തീയതി, 28-04-09 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി9/62/10, തീയതി, 07-04-2011 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10, തീയതി, 01-03-2011 | 5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11, തീയതി, 14-12-2013 | 9 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11, തീയതി 13.07.12 | 11 |
| 2010-11 മുതൽ<br>2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13, തീയതി, 19.03.14 | 2 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14, തീയതി, 24.02.14 | 8 |
| 2013-14 | എൽ.എഫ്..പി.റ്റി.എ.പി9/457/15, തീയതി, 28-07-15 | 8 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി9/895/16, തീയതി, 06-08-2016 | 9 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/16, തീയതി, 06-02-2017 | 11 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/822/17, തീയതി, 18.07.17 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.9/180/2019 തീയതി: 03.04.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## AUDIT CERTIFICATE

No.K.S.A.PTA.P9/180/2019 Dated 03.04.019

Certified that I have Audited the Annual Financial Statement of Vallicode Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vallicode Grama Panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

## 2

## റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ കോൺക്രീറ്റിംഗിന് വകമാറ്റി ചെലവഴിച്ചത്

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റ് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 88 | പണിക്കശ്ശേരി മൂന്ന് മൂർത്തി റോഡ് കോൺക്രീറ്റിംഗ് | 77525 | |
| 2. | 93 | മായാലിൽ ഇളങ്ങോട്ടു റോഡ് കോൺക്രീറ്റിംഗ് | 113396 | 102207 |
| 3. | 94 | സെന്റ് ജോർജ്ജ് വിളയിൽപടി റോഡ് കോൺക്രീറ്റിംഗ് | 250000 | 0 |
| 4. | 99 | നൂറുമാനപ്പടി കുറ്റിവടക്കേതിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 49500 | 0 |
| 5. | 103 | കൊട്ടുമണ്ണേത്ത് - പത്തുപറ റോഡ് കോൺക്രീറ്റിംഗ് | 289712 | 0 |
| 6. | 105 | പെരുന്തിട്ടമഠം വളവൂർക്കാവ് റോഡ് കോൺക്രീറ്റിംഗ് | 43000 | 39049 |
| 7. | 108 | ചുമലേത്ത് പടി - വിശ്വദർശനം പടി റോഡ് കോൺക്രീറ്റിംഗ് | 73000 | 0 |
| 8. | 109 | കല്ലുഴത്തിൽപ്പടി ചരുവിൽപടി റോഡ് കോൺക്രീറ്റിംഗ് | 63360 | 63360 |

| | | | | |
|---|---|---|---|---|
| 9. | 110 | പുന്നയ്ക്കാട്ട്മണ്ണിൽ ഇണ്ടിളിയപ്പൻ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 300000 | 256685 |
| 10. | 111 | കുഴിവിളപ്പടി ആമ്പല്ലൂർപടി റോഡ് കോൺക്രീറ്റിംഗ് | 170000 | 145007 |
| 11. | 123 | ഇണ്ടിളിയപ്പൻ ക്ഷേത്രം തിരുവംമ്പേലിൽ പടി റോഡ് കോൺക്രീറ്റിംഗ് | 282945 | 0 |
| 12. | 124 | കല്ലുവിളപടി പാലവിള റോഡ് കോൺക്രീറ്റിംഗ് | 123945 | 107943 |
| 13. | 125 | കൊച്ചാല്യംമൂട് ചൂതപ്പാറ റോഡ് കോൺക്രീറ്റിംഗ് | 193945 | 168833 |
| 14. | 126 | വട്ടമുരുപ്പേൽപടി തെങ്ങുംഇണ്ടിൽപടി റോഡ് കോൺക്രീറ്റിംഗ് | 218000 | 0 |
| 15. | 127 | ശ്രീകൃഷ്ണവിലാസം - നിലത്തെഴുത്ത് റോഡ് കോൺക്രീറ്റിംഗ് | 45000 | 40578 |
| 16. | 128 | കുഴക്കാലപ്പടി വട്ടക്കുട്ടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 457000 | 390104 |
| 17. | 129 | പൈനംമൂട് - കാരുവയൽ ഏലാ റോഡ് കോൺക്രീറ്റിംഗ് | 255000 | 0 |
| 18. | 130 | തെക്കോവടക്കേതിൽപടി - ചോഴമൺ റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| 19. | 131 | ആശാരിപറമ്പ് കോയിപ്പാട്ട് റോഡ് കോൺക്രീറ്റിംഗ് | 417000 | 367699 |
| 20. | 132 | കല്ലുകുട്ടത്തിൽപ്പടി - നടുവത്തൊടിപ്പടി ഏലാ റോഡ് കോൺക്രീറ്റിംഗ് | 71945 | 0 |
| 21. | 134 | ഇണ്ടിയിൽപ്പടി ഇടക്കടവ് റോഡ് കോൺക്രീറ്റിംഗ് | 58048 | 0 |
| 22. | 135 | തോണ്ടുവരമ്പിൽപടി മാത്രരേത്ത്പടി വെള്ളരേത്ത്പടി റോഡ് കോൺക്രീറ്റിംഗ് | 359936 | 294000 |
| 23. | 138 | കല്ലുപാലം പ്ലാങ്കുട്ടത്തിൽപടി റോഡ് കോൺക്രീറ്റിംഗ് | 168615 | 148894 |
| 24. | 139 | കോടിയാട്ട് പടി കല്ലുതോട്ടത്തിൽപടി കുന്നത്ത് പടി റോഡ് കോൺക്രീറ്റിംഗ് | 215544 | 207183 |
| 25. | 168 | മണക്കുപ്പ പന്തലൊടിപടി റോഡ് കോൺക്രീറ്റിംഗ് | 156600 | 156540 |
| 26. | 170 | ഗുരുമന്ദിരംപടി മാമ്പാറപ്പടി റോഡ് കോൺക്രീറ്റിംഗ് | 143800 | 143528 |
| 27. | 171 | മുണ്ടയ്ക്കൽപടി പാലയ്ക്കൽപടി റോഡ് കോൺക്രീറ്റിംഗ് | 143800 | 143534 |
| 28. | 176 | ആറ്റുംപുറത്ത്പടി പരപ്പാനൂർപടി റോഡ് കോൺക്രീറ്റിംഗ് | 104600 | 104258 |
| 29. | 178 | തോണ്ടുവരമ്പേൽപടി മാത്രരേത്ത്പടി റോഡ് കോൺക്രീറ്റിംഗ് | 287600 | 285967 |
| | | ആകെ | 5332816 | 3165369 |